കേരള സർക്കാർ

ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്

പരിപത്രം

നമ്പർ: 14/2024/ധന **തിരുവനന്തപുരം, തീയതി: 11.03.2024**

വിഷയം :- മെഡിസെപ് പദ്ധതി- ഗുണഭോക്താക്കളായ പെൻഷൻകാരുടെ/ കുടുംബ പെൻഷൻകാരുടെ പ്രീമിയം അക്കൗണ്ടിങ് കൃത്യമാക്കുന്നതിലേക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) 23/06/2022 തീയതിയിലെ സ.ഉ.(അച്ചടി)നം. 70/2022/ധന നമ്പർ ഉത്തരവ്
2) 24/06/2022 തീയതിയിലെ സ.ഉ.(അച്ചടി)നം. 71/2022/ധന നമ്പർ ഉത്തരവ്
3) 19/01/2024 ലെ 06/2024/ധന നമ്പർ പരിപത്രം

കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/ പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാന്മാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവർക്കായി 01/07/2022 മുതൽ നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ ഒന്നാം പ്രീമിയം വർഷത്തേയും രണ്ടാം പ്രീമിയം വർഷത്തേയും, സർക്കാർ കമ്പനിക്ക്

മുൻകൂറായി നൽകിയ തുകയും ഗുണഭോക്താക്കളിൽ നിന്നും തിരികെ സർക്കാരിൽ ലഭിച്ച പ്രീമിയം തുകയും തമ്മിൽ കുറവ് കണ്ടെത്തിയ സാഹചര്യത്തിൽ അത് ക്രമീകരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ വിഷയത്തിൽ സൂചന (3) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി.

2) മെഡിസെപ് പദ്ധതിയിലെ ഗുണഭോക്താക്കളായ പെൻഷൻകാരുടെ പ്രീമിയം തുകയുടെ തിരിച്ചടവും കൃത്യമാക്കേണ്ടതുണ്ട്. ആയതിലേക്ക് മെഡിസെപ് പദ്ധതി ആരംഭിച്ച 01/07/2022 മുതൽ ഓരോ ട്രഷറിയിലും യൂണിവേഴ്സിറ്റികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള പെൻഷൻകാരുടെ വിവരങ്ങൾ പ്രൊഫോർമയിൽ ശേഖരിച്ച് അതാത് ട്രഷറി ഓഫീസർമാർ/നോഡൽ ഓഫീസർമാർ ക്രോഡീകരിച്ച് ധനകാര്യ (ഐ.ടി.എസ്.എഫ്.) വകുപ്പിൽ ഇമെയിൽ (info.fin@kerala.gov.in, info.medisep@kerala.gov.in) മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്. **2024 മാർച്ച് 31** -ന് മുമ്പ് ഓരോ ട്രഷറിയിലും യൂണിവേഴ്സിറ്റികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള പെൻഷൻകാരുടെ ആവശ്യപ്പെട്ട വിവരങ്ങൾ ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

3) ഒന്നാം പോളിസി വർഷത്തിൽ (ജൂലൈ 2022 -ജൂൺ 2023) മരണപ്പെടുകയും ഫാമിലി പെൻഷൻ ലഭിക്കാൻ അർഹരായ അനന്തരാവകാശികൾ ഇല്ലാത്തതുമായവരുടെ ഡാറ്റാ പോർട്ടലിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

4) നിലവിൽ മെഡിസെപ് ഐ.ഡി. -യുള്ള പെൻഷണർ മരണപ്പെട്ട ശേഷം ഫാമിലി പെൻഷൻ അനുവദിക്കപ്പെടുന്ന അവസരത്തിൽ പുതുതായി മെഡിസെപ് ഐ.ഡി. സൃഷ്ടിക്കേണ്ട ആവശ്യമില്ല. ഇങ്ങനെയല്ലാതെ രണ്ട് മെഡിസെപ് ഐ.ഡി./മെഡിസെപ് കാർഡ് ഉണ്ടെങ്കിൽ അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ വിതരണം നിർത്തിവയ്ക്കുകയും തൻമൂലം പ്രീമിയം തുക പിടിക്കാൻ കഴിയാത്തതുമായ പെൻഷൻകാരുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6) പെൻഷൻ ലഭിക്കുകയും മെഡിസെപ് പ്രീമിയം ഈടാക്കുകയും എന്നാൽ അപേക്ഷ നൽകാത്തതിനാൽ ഡാറ്റാ വെരിഫൈ ചെയ്യാത്തതും മെഡിസെപ് കാർഡ് ലഭിക്കാത്തതുമായ പെൻഷൻകാരുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

7) മെഡിസെപ് കാർഡ് ഉണ്ടായിട്ടും പ്രതിമാസ പ്രീമിയം ഈടാക്കുവാൻ കഴിയാത്ത പെൻഷൻകാരുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

II. ജീവനക്കാരുടെ പ്രീമിയം ഗുണഭോക്താക്കളുടെ അക്കൗണ്ടിംഗ് എന്നിവ കൃത്യമാക്കുന്നതിലേക്ക് സൂചന (3) പ്രകാരം അനുവദിച്ച സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും ജീവനക്കാർക്കുടെ മെഡിസെപ് പ്രീമിയം അക്കൗണ്ടിംഗ് കൃത്യമാക്കുന്നതിലേക്ക് സമയപരിധി നിശ്ചയിച്ചു നൽകിയിട്ടും ഇനിയും യാതൊരു നടപടികളും ചില വകുപ്പുകൾ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാനുള്ള സമയപരിധി **2024 മാർച്ച് 25 വരെ** ദീർഘിപ്പിക്കുന്നു. നിശ്ചിത സമയപരിധി കഴിഞ്ഞും അക്കൗണ്ടിംഗ്/റീകൺസീലിയേഷൻ പൂർത്തിയാക്കാതെ വരുത്തുന്ന വീഴ്ചയുടെ ഉത്തരവാദിത്തം അതത് വകുപ്പ് നോഡൽ ഓഫീസർമാർക്കും ആ വകുപ്പിന് കീഴിലെ ഡി.ഡി.ഒ. മാർക്കുമായിരിക്കും.

III) പദ്ധതിയിൽ തുടരുന്ന (മെഡിസെപ് കാർഡ് ഉള്ള) ഗുണഭോക്താക്കളിൽ നിന്നും പ്രീമിയം തുക ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. പ്രീമിയം തുക നൽകാതെ പദ്ധതിയിൽ തുടരുന്ന സാഹചര്യത്തിൽ (മെഡിസെപ് കാർഡ് ഉള്ളവർ) അത് സർക്കാരിന് സാമ്പത്തിക നഷ്ടത്തിന് കാരണമാകുന്നതാണ്. തുടർന്നു പ്രീമിയം നൽകാതെ ഏതെങ്കിലും ഗുണഭോക്താവ് പദ്ധതിയിൽ തുടരുന്ന സാഹചര്യത്തിൽ അത് വഴി സർക്കാരിന് ഉണ്ടാകുന്ന നഷ്ടത്തിന് ബന്ധപ്പെട്ട ട്രഷറി ഓഫീസർ/ ഡി.ഡി.ഒ./നോഡൽ ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കും.

വി. അജയകുമാർ
അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ.), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ &ആർ എസ് എ) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (HI-2/82/2023/ധന ഇ-ഫയൽ നം.2410654)

ഉത്തരവിൻ പ്രകാരം

Ganesh

സെക്ഷൻ ഓഫീസർ

PROFORMA FOR SUBMITTING MEDISEP PREMIUM RECONCILIATION STATEMENT TO THE ACCOUNTANT GENERAL
(TO BE FURNISHED BY Treasury/LSGD(Corporation, Muncipality,Panchayath)/ University

SL NO	MONTH	POLICY YEAR	TOTAL NO :OF PENSIONERS in the (Treasury/LSGD(Corporation, Muncipality,Panchayath)/University				TOTAL PREMIUM DUE=			TOTAL PREIMUM COLLECTED			AMOUNT TO BE COLLECTED			DATE OF ENTRY IN THE WEB PORTAL (MEDISEP RECONCILATION FINAL DATA GENERATED DATE IN MEDISEP PORTAL)	REMARKS REG : PREMIUM UNPAID -REASON SUBMITTED BY CONCERNED TREASURY OFFICERS/Pension Officers
			Service Pensioners Only	Family Pensioners only	Pensioners who recieves both Service Pension & Family Pension	Total	Service Pensioners Only	Family Pensioners only	Pensioners who recieves both Service Pension & Family Pension	Service Pensioners Only	Family Pensioners only	Pensioners who recieves both Service Pension & Family Pension	Service Pensioners Only	Family Pensioners only	Pensioners who recieves both Service Pension & Family Pension		
A	B	C	D	E	F	G(D+E+F)	H(D*500)	I(E*500)	J(F*500)	K	L	M	N(H-K)	O(I-L)	P(J-M)	Q	R
1	JULY	2022-23															
2	AUGUST	2022-23															
3	SEPTEMBER	2022-23															
4	OCTOBER	2022-23															
5	NOVEMBER	2022-23															
6	DECEMBER	2022-23															
7	JANUARY	2022-23															
8	FEBRUARY	2022-23															
9	MARCH	2022-23															
10	APRIL	2022-23															
11	MAY	2022-23															
12	JUNE	2022-23															
TOTAL																	
1	JULY	2023-24															
2	AUGUST	2023-24															
3	SEPTEMBER	2023-24															
4	OCTOBER	2023-24															
5	NOVEMBER	2023-24															
6	DECEMBER	2023-24															

PLACE
DATE